വിവരം മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു :

ക്രമ നം.	മണ്ഡലം	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1.	തൃക്കരിപ്പൂർ	8185650	682
2.	കാസർഗോഡ്	5705350	397
3.	കാഞ്ഞങ്ങാട്	2245900	202
4.	മഞ്ചേശ്വരം	3745000	279
5.	ഉദുമ	2299500	180
	ആകെ ചെലവഴിച്ച തുക	22181400	1740

പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവർത്തന കാലതാമസം

281 (978) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽനിന്നും നിർദ്ദേശിച്ചിരുന്ന വളപ്പ് പുലയാസ് കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിലെ പുലയാസ് കോളനിയിലെ പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്. ഓണർഷിപ്പ് ലഭിക്കാത്ത കുടുംബങ്ങൾക്ക് മാത്രമാണ് വാട്ടർ കണക്ഷൻ നൽകാൻ ശേഷിക്കുന്നത്. താല്ക്കാലിക ഓണർഷിപ്പ് നമ്പർ നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2015 മാർച്ച് 31-ന് പുലയാസ് കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സീ ഷോർ കോളനിയിലെ നിർവ്വഹണ ഏജൻസിയുമായി ധാരണാ പത്രം ഒപ്പുവച്ച് ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly